മിസ്റ്റർ എ. മാധവപ്രഭു: അല്ല.

മിസ്റ്റർ കെ. എം. ഇബ്രാഹിം: വാരിക്ഷണങ്ങൾ കൊണ്ടുണ്ടാക്കിയിട്ടുള്ളതാണോ?

മിസ്റ്റർ എ. മാധവപ്രഭു: അതെ.

THEMBARAMADAKKU IRRIGATION SCHEME

188. Mr. N. V. Subbarayan Chettiar *(Nominated):*

താഴെ പറയുന്ന ചോദ്യങ്ങൾക്ക ഗവൺമെണ്ടു് ദയവായി മറുപടി പറയാമോ.—

(എ) തെമ്പാറമുടക്ക ഇറിഗേഷൻ സിസ്റ്റത്തിൽ മെയിൻറനൻസ്സിന്നു് വല്ല സംഖ്യയും കൂടുതൽ ചിലവു ചെയ്യാൻ ഗവൺമെണ്ടു് വിചാരിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ അടുത്ത കൊല്ലത്തിലേക്കു് നല്ലേപ്പിള്ളി ബ്രാഞ്ചിൽ വെള്ളം തിരിക്കേണ്ട ആവശ്യമേ വേണ്ടിവരില്ലെന്നും, വെള്ളം തിരിച്ചാൽ വെള്ളം കയറുവാൻ ഇടയില്ലെന്നുമുള്ള സംഗതി ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ?

Mr. V. K. Aravindaksha Menon *(Chief Engineer):*

(എ & ബി) ജലവിതരണം തൃപ്തികരമായി നടത്തുന്നതിന്നു് വേണ്ടിവരുന്നതായ എല്ലാ മെയിൻറനൻസ്സു് ജോലികളും ചെയ്യുന്നതാണു്.

189. Mr. N. V. Subbarayan Chettiar *(Nominated):*

താഴെ പറയുന്ന ചോദ്യങ്ങൾക്കു് ഗവൺമെണ്ടു ദയവായി മറുപടി പറയാമോ.—

(എ) തെമ്പാറമുടക്ക ഇറിഗേഷനിൽ വെള്ളത്തിന്റെ ദുർവ്യയംകൊണ്ടു് ഇക്കൊല്ലത്തെ മുണ്ടകൻ വിളവിനു് വലുതായ നഷ്ടത്തിന്നു് ഇടയായിതീർന്നിട്ടില്ലേ;

(ബി) കമ്പാലത്തുറ ഏരി നന്നാക്കുന്നതിന്നു് ബ്രിട്ടീഷു് ഗവൺമെണ്ടിന്റെ അനുവാദം കിട്ടിയോ;

(സി) കിട്ടീട്ടില്ലെങ്കിൽ കഴിയുന്നവേഗം അനുവാദം വാങ്ങി മേലിലെങ്കിലും കൃഷിക്കു് നഷ്ടം നേരിടാതിരിപ്പാൻ ഗവൺമെണ്ടിന്നു് സന്മനസ്സുണ്ടാകുമോ?

Mr. V. K. Aravindaksha Menon *(Chief Engineer):*

(എ) തെമ്പാറമുടക്ക ഇറിഗേഷന്റെ ചില ഭാഗങ്ങളിൽ വെള്ളത്തിന്റെ ദുർവ്യയം കുറച്ചു ഉണ്ടായിട്ടുണ്ടു്.

(ബി) ഇല്ല.

(സി) ഇക്കാര്യത്തിൽ ഗവൺമെണ്ടു് കഴിയുന്നത്ര പരിശ്രമിക്കുന്നുണ്ടു്.

മിസ്റ്റർ എൻ. വി. സുബ്ബരായൻചെട്ടിയാർ: വെള്ളത്തിന്റെ ദുർവ്യയം ഉണ്ടായിട്ടു എത്രകാലമായി?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ. കുറച്ചുകാലമായി. ഇങ്ങിനെ അതിപ്രധാനമായിട്ടുള്ള ഇറിഗേഷൻ ജോലികൾ നടത്തുന്നതിന്നു കുറച്ചു് അധികം കാലം പിടിക്കുന്നതാണു്. അതിനെപ്പറ്റി ഇപ്പോൾ ഗവൺമെണ്ടു് വളരെ ജാഗ്രതയായിട്ടു നടപടി നടത്തുന്നതാണു്.

മിസ്റ്റർ എൻ. വി. സുബ്ബരായൻചെട്ടിയാർ: ബ്രിട്ടീഷു് ഗവൺമെണ്ടിലേക്കു് എഴുതിയയച്ചതിന്നു മറുപടി എന്നു കിട്ടും?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ. ഫാ, ൨ ദിവസത്തിനുള്ളിൽ ഫോവർബിലായിട്ടുള്ള ഒരു റിപ്പു് വരുമെന്നാണു് വിചാരിക്കുന്നതു്.

—

Mr. K. M. Ibrahim *(Cranganur):* I humbly request the Hon'ble President to kindly allow me to put the next question because that is a matter which effects my constituency. Though the Hon'ble Member is absent, I request the Hon'ble President to please allow me to put the question.

Mr. President: Yes.

AZHIKODE-ARAKULAM BRIDGE

190. Khan Sahib Ismail Hajee Issa Sait *(Mattancheri):*

താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

(എ) അഴീക്കോട്ടു അരാകുളം റോഡിലെ പാലം പൊളിച്ചുമാറ്റീട്ടു എത്രകാലമായി;

LIBRARY ARCHIVES Kerala Legislative Assembly